# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3381

24/06/2013 – ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| കാലവർഷക്കെടുതി മൂലം അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ ഫിഷറീസ് വകുപ്പ് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ? | കോഴിക്കോട് ജില്ലയിൽ കാലവർഷക്കെടുതിയിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ബേപ്പൂരിൽ 15/05/2013 മുതൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം (0495-2383780) പ്രവർത്തനം ആരംഭിക്കുകയും, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ എന്നിവിടങ്ങളിൽ 24 മണിക്കൂറും രക്ഷാപ്രവർത്തനങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥലങ്ങളിൽ ബേപ്പൂരിൽ ഒരു ബോട്ടും ഒരു ഫൈബർ വള്ളവും പുതിയാപ്പ, കൊയിലാണ്ടി എന്നിവിടങ്ങളിൽ ഒരു ബോട്ടും ഒരു ഫൈബർ വള്ളവും വാടകയ്ക്ക് എടുത്ത് രക്ഷാ പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ ആവശ്യമായ Rescue guard മാരെയും പോലീസിൽ നിന്നും ലഭ്യമാക്കിയ സേനകളെയും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.